# ‘ഞങ്ങളെ ആരു കാണുന്നു? ആരറിയുന്നു?’

## യെശയ്യാവ് 29:15

“തങ്ങളുടെ പദ്ധതികളെ യഹോവയിങ്കൽ നിന്ന് മറച്ചുവച്ച് തങ്ങളുടെ പ്രവൃത്തികൾ ഇരുട്ടിൽ ചെയ്യുകയും ‘ഞങ്ങളെ ആരു കാണുന്നു? ആരറിയുന്നു?’ എന്ന് ചോദിക്കുകയും ചെയ്യുന്നവർക്ക് ഹാ കഷ്ടം!”

യെശയ്യാ പ്രവചനം അദ്ധ്യായം 29 ആദ്യം മുതൽ വായിക്കുകയാണെങ്കിൽ, അതിന്റെ 1 മുതൽ 16 വരെയുള്ള ഭാഗത്ത് ദൈവം യെരുശലേമിനു ഒരു താക്കീത് കൊടുക്കുന്നതായും, അതിന്റെ 17 മുതൽ 24 വരെ ദൈവത്തിന്റെ വാഗ്ദത്തത്തെയും നമുക്ക് കാണുവാൻ കഴിയും. ഈ അദ്ധ്യായത്തിന്റെ 13-ാം വാക്യത്തിൽ ദൈവം ഇപ്രകാരം പറയുന്നു “ഈ ജനം അധരസേവയാൽ എന്നോട് അടുത്തുവരികയും എന്നെ ബഹുമാനിക്കുകയും ചെയ്യുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷ്യകൽപനകളിൽ നിന്ന് പഠിച്ചതത്രെ.”

തന്റെ സ്വന്ത ജനമായി ദൈവം കരുതിയവർ, അവർ ദൈവത്തെ വിട്ടകന്ന് തങ്ങളുടേതായ വഴികളിൽ സഞ്ചരിച്ച്, അവരുടെ മോഹങ്ങളും, അവരുടെ പദ്ധതികളും എല്ലാം നടപ്പിലാക്കി ദൈവത്തെ ആവശ്യമുള്ളപ്പോൾ മാത്രം അവന്റെ സന്നിധിയിലേക്ക് കടന്നു വന്ന് അവനെ സ്തുതിക്കുന്ന ഒരു അനുഭവം. ഇതു ദൈവം ഏറ്റവും അധികം വെറുക്കുന്ന ഒരു കാര്യമാണ്. ഒന്നുമില്ലെങ്കിലും നിന്റെ ഹൃദയത്തെ പൂർണ്ണമായി അവന്റെ സന്നിധിയിൽ പകരാൻ നമുക്ക് കഴിഞ്ഞാൽ അതു മതി ദൈവത്തിനു സന്തോഷമാവാൻ. കാരണം അവൻ നമ്മുടെ ജൽപനങ്ങളിലും, അധര വ്യായാമങ്ങളിലും ഇഷ്ടം വെച്ചു പുലർത്തുന്ന ഒരു ദൈവമല്ല. അവനു ആവശ്യം നമ്മുടെ പൂർണ്ണമായ ഒരു സമർപ്പണമാണ്, അതു നമ്മുടെ മനസ്സും, ശരീരവും ഒരേപോലെ ശുദ്ധമായി അവന്റെ പരിശുദ്ധിക്കൊത്തവണ്ണം സമർപ്പിക്കണം.

നാം മാനുഷികമായി ഒരുവനെ അവന്റെ പുറംചട്ട നോക്കി വിലയിരുത്തുന്നതുപോലെയല്ല ദൈവം അവനെ അളക്കുന്നത്. അവൻ അവന്റെ ഹൃദയത്തെയാണ് അളക്കുന്നത്. അവന്റെ ഹൃദയം എത്രത്തോളം പരിശുദ്ധവും നിർമ്മലവുമാണോ അത്രത്തോളം അവൻ ദൈവത്തിൽ സമർപ്പിച്ച് ജീവിക്കുന്നവനായിരിക്കും. കാരണം ദൈവം ഹൃദയങ്ങളെ അറിയുന്നവനാണ്.

പൂർവ്വികർ പറഞ്ഞറിഞ്ഞ ദൈവത്തെ അവന്റെ മഹിമയ്ക്കൊത്ത ഒരു ബഹുമാനമോ അവനെ അനുസരിക്കുന്നതിനു അവരുടെ ഹൃദയത്തെ ഒരുക്കുവാനോ ഒന്നും യെരുശലേമിലെ ജനങ്ങൾ തയ്യാറായില്ല. മാനുഷികമായ കൽപ്പനകൾക്കും മോഹങ്ങൾക്കും പുറകെ അവർ മനസ്സുവെച്ചു. ഈ ഒരു അഹങ്കാരം അവരെ ആത്മീയമായി അന്ധകാരത്തിലേക്ക് നയിച്ചു, അവർ ഉറങ്ങുന്നവരെ പോലെ ആയി, വീണ്ടു കുടിച്ച് മദിച്ചു നടന്നു, അവരുടെ ജ്ഞാനികളുടെ കണ്ണുകൾ ദൈവം മൂടിക്കളഞ്ഞതിനോടൊപ്പം അവരുടെ ജ്ഞാനത്തെ ദൈവം നീക്കിക്കളഞ്ഞു. അവിടെ ദർശനങ്ങളുടെ മർമ്മം വിവേചിപ്പാൻ ആരുമില്ലാതെയായി, ജ്ഞാനിക്ക് അതു മുദ്രയിടപ്പെട്ടിരുന്നു എങ്കിൽ അക്ഷരാഭ്യാസമില്ലാത്തവനു അതു വായിക്കാനും അറിഞ്ഞുകൂടായ്ക വണ്ണം ദൈവം അവിടെ പ്രവർത്തിച്ചു. യെശയ്യാവ് ഇതിനെ ഒരു വിശിഷ്ടമായതും വിസ്മയനീയമായതുമായ പ്രവൃത്തിയായി കണക്കിട്ടിരിക്കുന്നു, കാരണം മനുഷ്യന്റെ ജ്ഞാനത്തെ നിരാകരിച്ച് അവിടെ ദൈവജ്ഞാനം എന്തെന്ന് ദൈവം വെളിവാക്കിയിരിക്കുന്നു.

**1 കൊരിന്ത്യർ 1:25** "ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ ജ്ഞാനത്തെക്കാൾ വിവേകമുള്ളതും ദൈവത്തിന്റെ ബലഹീനത മനുഷ്യന്റെ ബലത്തേക്കാൾ ശക്തവുമാണ്."

അങ്ങനെ തങ്ങളുടെ പദ്ധതികളെ യഹോവയിങ്കൽ നിന്ന് മറച്ചുവച്ച് തങ്ങളുടെ പ്രവൃത്തികൾ ഇരുട്ടിൽ ചെയ്യുകയും 'ഞങ്ങളെ ആരു കാണുന്നു? ആരറിയുന്നു?' എന്ന് ചോദിക്കുകയും ചെയ്ത യെരുശലേമിലെ ജനതയുടെ തെറ്റായ ജ്ഞാനം ദൈവത്തിന്റെ കോപത്തിനിടയായെങ്കിൽ ഇന്നു നാം നമ്മുടെ ജീവിതത്തിലേക്ക് നോക്കിയാലും ഇതു തന്നെയല്ലേ കാണുന്നത്. ഇന്നു ദൈവഹിതം എന്തെന്ന് തിരിച്ചറിയാതെ നാം നമ്മുടേതായ സ്വന്തമോഹങ്ങളിൽ നടന്ന് ഓരോരോ പദ്ധതികളെ മെനഞ്ഞ് അത് ദൈവഹിതം ആയിരുന്നു എന്ന് പറഞ്ഞ് മുമ്പോട്ട് പോകുമ്പോൾ യഥാർത്ഥമായ ദൈവ പദ്ധതി നിനക്കായി ഒരുക്കി വെച്ചിരിക്കുന്ന നന്മകളുടെ ഒരു കൂമ്പാരത്തെ തന്നെയാണ് നാം അവഗണിക്കുന്നത്. ആയതിനാൽ യഥാർത്ഥ ദൈവഹിതം ഇന്നത് എന്നു തിരഞ്ഞ് ജീവിതം മുമ്പോട്ട് കൊണ്ടുപോവാൻ ദൈവത്തിന്റെ ആലോചനകളെ ചോദിക്കാം. അതു ദൈവം നമുക്ക് തന്റെ ആത്മാവിന്റെ നിയന്ത്രണത്താൽ നടത്തിത്തരുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സങ്കീർത്തനങ്ങൾ 107:28–31**

“തങ്ങളുടെ കഷ്ടതയിൽ അവർ യഹോവയോടു നിലവിളിച്ചു; അവിടുന്ന് അവരുടെ സങ്കടങ്ങളിൽനിന്ന് അവരെ വിടുവിച്ചു. അവിടുന്നു കൊടുങ്കാറ്റിനെ ശാന്തമാക്കി; സമുദ്രത്തിലെ തിരമാലകൾ അമർന്നു. അതു ശാന്തമായപ്പോൾ അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുത്തേക്ക് അവിടുന്ന് അവരെ നയിച്ചു. അവർ യഹോവയെ അവിടുത്തെ ആർദ്രകരുണയോർത്തും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളോർത്തും സ്തോത്രം ചെയ്യട്ടെ.’’

ബ്രദർ ബിനു ബേബി ആലപ്പുഴ 040